മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉണ്ട്.

(ബി) ഈ രാജ്യത്തിലെ ഓരോ പ്രതിദിനപത്രത്തിനും, അതു് അസ്സോഷിയേറ്റഡ് പ്രസ്സ് ഓഫ് ഇന്ത്യാക്ക കൊടുക്കേണ്ടതായ സംഖ്യ കൊടുക്കുന്നതിൽ അതിനെ സഹായിക്കുന്നതിലേക്കായി മാസംതോറും ൨൦൦ക. യിൽ കവിയാത്ത ഒരു സംഖ്യ കൊടുക്കുന്നതിനു ഗവമ്മെണ്ടിൽനിന്നും തീരുമാനിച്ചിട്ടുണ്ടു്. എല്ലാ പ്രതിദിനപത്രങ്ങൾക്കും കൂടി ഇതുകൊണ്ടുവരുന്ന സംഭാവന മാസത്തിൽ ൧, ൦൦൦ക.യിൽ കവിയുന്നതല്ല.

RICE—SALE OF—PARTICULARS REGARDING

233. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യത്തിനു ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

൧൯൪൯, ൧൯൫൦, ൧൯൫൧ ഇൗ വർഷങ്ങളിൽ കന്നി, മകരം, മിഥുനം, കർക്കടകം എന്നീ മാസങ്ങളിൽ തിരുവാങ്കുളം, മുളന്തുരുത്തി, ആമ്പല്ലൂർ, വടവുകോടു് എന്നീ ഗവമ്മെണ്ടു് ന്യായവിലഷാപ്പുകളിൽ റേഷൻകാർഡു പ്രകാരം ചില്ലറയായ അരി എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix V)*

MAHARAJAH'S COLLEGE, ERNAKULAM—ADMISSION IN THE INTERMEDIATE CLASSES

234. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി നൽകുമോ.—

ഇൗ രാജ്യത്തിൽനിന്നു സ്കൂൾ ഫൈനൽ പരീക്ഷ പാസ്സാകുന്ന കൊച്ചീക്കാർക്കു മഹാരാജാസ് കോളേജിൽ ഇൻറർമീഡിയറ്റു ക്ലാസ്സിൽ പ്രവേശനത്തിനു മുൻഗണന നൽകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

നൽകാം; നൽകി വരുന്നതുമുണ്ടു്.

AYURVEDIC INSTITUTIONS IN THE STATE

235. മിസ്റ്റർ കെ. എ. രാഘവൻ ? താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) കൊച്ചി രാജ്യത്തു ഗവമ്മെണ്ടു വകയായും ഗവമ്മെണ്ടു സഹായധനം പറ്റുന്നവയുമായി ആകെ എത്ര വൈദ്യസ്ഥാപനങ്ങളാണുള്ളതു് ;

(ബി) ഇവയെല്ലാം ചീഫ് മെഡിക്കൽ ആഫീസർ സന്ദർശിക്കാറുണ്ടോ;

(സി) ഉണ്ടെങ്കിൽ ഓരോന്നും കൊല്ലത്തിൽ എത്ര പ്രാവശ്യം?

റാവുബഹദൂർ ടി. കെ. നായർ :

(എ) ൪൯.

(ബി) ഉവ്വു്.

(സി) എല്ലാം ഒരിക്കലെങ്കിലും സന്ദർശിക്കും; മിക്കതും പലപ്രാവശ്യം.

MR. V. V. KUNJAYYAPPAN—ASSISTANT TEXTILES FIELD OFFICER

236. മിസ്റ്റർ കെ. കൊച്ചുകുട്ടൻ ; താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടിപറയുമോ.—

(എ) മിസ്റ്റർ വി. വി. കുഞ്ഞയ്യപ്പനെ എന്നാണു് അസിസ്റ്റാണ്ടു് ടെക്സ്റ്റൈൽസ് ഫീൽഡാഫീസറായി നിയമിച്ചതു് ;

(ബി) ടിയാന്റെ നിയമനശേഷം ടെക്സ്റ്റൈൽസ് ഫീൽഡാഫീസർമാരായി നിയമിക്കപ്പെട്ടിട്ടുള്ളവർ ആരെല്ലാം;

(സി) അവരുടെ ഓരോരുത്തരുടേയും പരീക്ഷായോഗ്യതയും ടെക്സ്റ്റൈൽസ് ഡിപ്ലോമെണ്ടിൽ അവക്കോരോന്നുക്കുമുള്ള സ്പ്ലീസും എത്രയെത്ര ;

(ഡി) മിസ്റ്റർ കുഞ്ഞയ്യപ്പന്റെ ഗ്രേഡ് എന്തു് ;

(ഇ) അദ്ദേഹത്തിന്റെ നിയമനശേഷം നിയമിതരായിട്ടുള്ള ടെക്സ്റ്റൈൽസ് ഫീൽഡാഫീസർമാരുടെ ഗ്രേഡ് എന്തു് ?

LIBRARY ARCHIVES Kerala Legislative Assembly